

# ജലസമ്പത്തും ജലസേചന വൈദ്യുത പദ്ധതികളും

നദികളും ജലാശയങ്ങളും കൊണ്ട് സമ്പന്നമായ രാജ്യമാണ് ഭാരതം. ജലാശയങ്ങളേക്കാളും എണ്ണത്തിൽ കൂടുതൽ ഇവിടെ നദികളാണ്. മനുഷ്യജീവിതവുമായി കൂടുതൽ ബന്ധമുള്ളത് നദികൾക്കാണ്. പുരാണങ്ങളിലും മറ്റു നദികൾക്ക് പ്രമുഖ സ്ഥാനമുണ്ട്. മാത്രമല്ല നദികളെ വേദങ്ങളിലും പുരാണങ്ങളിലും ദേവതകളായിട്ടാണ് കാണുന്നത്. എല്ലാ പാപങ്ങളെയും നിർമാർജനം ചെയ്യുന്ന പുണ്യവതിയായ ജനയിത്രിയായും ഭാരതീയർ നദികളെ പരിഗണിക്കുന്നു. ഭാരതസംസ്കാരം ഉദയം ചെയ്തതു തന്നെ നദികളുമായി ബന്ധപ്പെട്ടാണ്. ഇന്നും നദികളെ ആശ്രയിക്കാതെ നമുക്കൊരു ജീവിതമില്ല. ജലസേചനം, വൈദ്യുതി ഉൽപ്പാദനം, ജലഗതാഗതം എന്നിവ കൂടാതെ ജലവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക ആവശ്യങ്ങൾക്കും ആശ്രയിക്കേണ്ടി വരുന്നത് നദികളെ തന്നെയാണ്. ഇന്ത്യയിലെ നദികളെ പലതരത്തിൽ തരംതിരിക്കാം. ഹിമാലയൻ നദികൾ, ഉപദ്വീപിയ നദികൾ എന്നും മധ്യ ഇന്ത്യയിലും ഡെക്കാണിലും ഉള്ളവ, ഹിമാലയത്തിൽ നിന്നും ഉത്ഭവിക്കുന്നവ, തീരപ്രദേശങ്ങളിൽ ഉള്ളവ, ഉൾനാടൻ തടാകങ്ങളിൽ ചേരുന്നവ, എന്നും ബംഗാൾ ഉൾക്കടലിൽ ചേരുന്നവ, അറബിക്കടലിൽ ചേരുന്നവ, അന്തർസംസ്ഥാന നദികൾ, അയൽരാജ്യങ്ങളിലേക്ക് ഒഴുകുന്നവ, മരുഭൂമിയിലെ നദികൾ എന്നിങ്ങനെ പല തരത്തിൽ ഇവിടുത്തെ നദികളെ വേർതിരിക്കാവുന്നതാണ്. 20000 ച.കി.മീ നീർവാർച്ചയുള്ള നദികളെ മഹാനദികളായും അതിന് താഴെയുള്ളതിനെ മൈനർ നദികളായും മധ്യേ ഉള്ളതിനെ മീഡിയം നദികളായും പരിഗണിക്കുന്നു. ഭാരതത്തിലെ നദികളിൽ ചിലത് മഴയെ ആശ്രയിച്ചുള്ളതും മറ്റു ചിലതു പന്ത്രണ്ടു മാസവും ജലസമൃദ്ധമായതുമാണ്.

## ഹിമാലയൻ നദികളിൽ പ്രധാനം

സിന്ധു, ഗംഗ, ബ്രഹ്മപുത്ര, യമുന

### സംഭേദ, സംഗമ എന്നീ പേരുകളിൽ അറിയപ്പെടുന്ന നദി

- ഭാരതത്തിലെ ഏറ്റവും വലിയ നദികളിലൊന്നായ സിന്ധുവിനെയാണ് സംഭേദ, സംഗമ എന്ന പേരുകളിൽ അറിയുന്നത്.
- അതിവിസ്തൃതമായ ജലപ്പരപ്പ് കണ്ടിട്ട് പ്രാചീന ആര്യന്മാരാണ് ഈ നദിയെ സിന്ധു എന്ന പേര് വിളിച്ചത്.
- സിന്ധു എന്ന വാക്കിന് സമുദ്രം എന്ന അർഥവുമുണ്ട്.
- ഹിമാലയത്തിലെ ഏറ്റവും നീളം കൂടിയ നദികളിലൊന്നായ സിന്ധുവിന് 2880 കി.മീ. നീളമുണ്ട്.
- സിന്ധു നദിയുടെ ഏറ്റവും കൂടുതൽ ഭാഗവും പാകിസ്ഥാനിലൂടെയാണ് ഒഴുകുന്നത്.
- ഇന്ത്യയുടെ സംസ്കാരവും ചരിത്രവുമായി സിന്ധു നദിക്ക് ബന്ധമുണ്ട്.
- ഇന്ത്യ എന്ന പേരിന് ആസ്പദം സിന്ധു നദിയുടെ നാമമാണ്.
- പേർഷ്യക്കാർ 'സി' എന്നതിനെ 'ഹി' എന്നാക്കി ഉച്ചരിക്കുന്നതിന് അനുസരിച്ച് സിന്ധുവിനെ 'ഹിന്ദു' എന്നാക്കി.
- 'ഹിന്ദൂസ്' എന്ന പദത്തിൽ നിന്ന് 'ഇൻഡസ്' എന്ന പദം രൂപപ്പെട്ടു.
- പാകിസ്ഥാനിലെ ദേശീയ നദിയും സിന്ധുവാണ്.
- ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒപ്പു വച്ച സിന്ധുജല സന്ധി കരാർ 1960-ലാണ്.
- സിന്ധുവിന്റെ പോഷക നദികളായ ബിയാസ്, രാവി എന്നീ നദികളിലെ ജലം ഇന്ത്യക്കാണ്.
- സിന്ധു, ഝലം, ചീനാബ് എന്നീ നദികളിലെ ജലം പാകിസ്ഥാനുമാണ്.
- ഇന്ത്യയിൽ പഞ്ചാബ്, ഹിമാചൽ പ്രദേശ്, ജമ്മുകാശ്മീർ എന്നീ സംസ്ഥാനങ്ങളിൽ സിന്ധു നദിയുടെ സാന്നിധ്യമുണ്ട്.
- സിന്ധു നദിയുടെ അഞ്ച് പ്രധാന പോഷക നദികൾ ഝലം, ചിനാബ്, രാവി, സത്‌ലജ്, ബീയാസ് എന്നിവയാണ്.
- അറബിക്കടലിലാണ് സിന്ധു നദി ഒഴുകിയെത്തുന്നത്.

### പ്രധാന ഉപദ്വീപിയ നദികൾ

നർമ്മദ, താപി, ഗോദാവരി, കൃഷ്ണ, കാവേരി, മഹാനദി, തുംഗഭദ്ര, പെരിയാർ, ഭാരതപ്പുഴ, പമ്പ

### പഞ്ചനദികൾ

ഝലം, രാവി, ബീയാസ്, സത്‌ലജ്, ചിനാബ് എന്നീ നദികളെ പഞ്ചനദികൾ എന്നു പറയുന്നു. ഇവ സിന്ധുനദിയുടെ പോഷക നദികളുമാണ്. പഞ്ചാബിലൂടെയാണ് ഇവ പ്രവഹിക്കുന്നത്. അഞ്ച് നദികളുടെ പ്രവാഹ സ്ഥലമായതു കൊണ്ടാണ് പഞ്ചാബിന് ഈ സ്ഥലപ്പേരുണ്ടായത്.

### പഞ്ച നഗരങ്ങൾ

ഭാരതത്തിലെ അഞ്ച് പുണ്യ നഗരങ്ങൾ - പ്രയാഗ, പാടലീപുത്രം (പാറ്റ്ന), വിജയ നഗരം, ഇന്ദ്രപ്രസ്ഥം (പഴയ ദൽഹി), ഗയാ (ബീഹാർ).

### സപ്ത നദികൾ

ഗംഗ, യമുന, ഗോദാവരി, സരസ്വതി, നർമ്മദ, സിന്ധു, കാവേരി ഇവയെ ഭാരതത്തിലെ ഏഴു പുണ്യനദികളായി പരിഗണിക്കുന്നു.

## ഭാരതത്തിന്റെ ദേശീയ നദി

- 2008-ൽ ഗംഗാനദിയെ ദേശീയ നദിയായി പ്രഖ്യാപിച്ചു.
- ഭാരതത്തിലെ മഹാനദിയാണ് ഗംഗ.
- ഭാരതത്തിലുള്ള ഏറ്റവും നീളം കൂടിയ നദിയും ഗംഗയാണ്.
- ഗംഗയുടെ ആകെ നീളം 2510 കി.മീ.
- ദൈർഘ്യത്തിൽ ലോകത്തിൽ 39-ാം സ്ഥാനവും ഏഷ്യയിൽ 15-ാം സ്ഥാനവുമാണ് ഉള്ളത്.
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ പോഷക നദികൾ ഉള്ളതും ഗംഗക്കാണ്.
- ഇന്ത്യൻ സംസ്കാരത്തിലും ചരിത്രത്തിലും ഗംഗയ്ക്ക് പ്രധാന സ്ഥാനമുണ്ട്.
- പുരാണങ്ങളിലും വേദങ്ങളിലും മറ്റും ഗംഗയെ പരാമർശിക്കുന്നുണ്ട്.
- ഭാരതീയരുടെ പുണ്യനദികളിൽ ഒന്നാണ് ഗംഗ.
- ഭഗീരഥൻ സ്വർഗ ഗംഗയെ, ആയിരം വർഷം തപസ്സ് ചെയ്ത് ഭൂമിയിൽ കൊണ്ടുവന്നുവെന്ന് പുരാണങ്ങളിൽ പറയുന്നു. ഗംഗയ്ക്ക് ഭഗീരഥി എന്ന പേരുണ്ടായത് അങ്ങനെയാണ്.
- ബ്രഹ്മാവിന്റെ ശാപത്താലാണ് ഗംഗ ഭൂമിയിൽ പതിച്ചതെന്ന് മഹാഭാരതത്തിൽ പറയുന്നു.
- ശിവന്റെ പത്നിയായും ഗംഗയെ സങ്കൽപ്പിക്കുന്നു. ശിവന്റെ ജടയിൽ കുടി കൊള്ളുന്നതായും സങ്കൽപ്പമുണ്ട്.
- ഭീഷ്മരുടെ മാതാവായും ഗംഗയെ കരുതുന്നു.
- വിഷ്ണുപദി, സുരനിമ്നഗാ, ത്രിപഥഗാ, ഭീഷ്മസു എന്നിങ്ങനെ പല പര്യാപദങ്ങളുമുണ്ട്.
- വരുണ, അസി എന്ന പോഷക നദികളോട് ചേരുന്ന സ്ഥലമാണ് വാരാണസി.
- അലഹബാദിലെ ദേവപ്രയാഗിൽ എത്തുന്നതുവരെ മന്ദാകിനി, ജാഹ്നവി എന്ന പേരുകളിൽ അറിയപ്പെടുന്നു.
- ദേവപ്രയാഗിൽ വച്ച് ഭാഗീരഥി, അളകനന്ദ എന്നിവയുമായി ചേർന്നതിനു ശേഷമാണ് ഗംഗ എന്ന പേരിൽ അറിയപ്പെടുന്നത്. ഹരിദ്വാറിൽ വച്ച് ഉത്തര മഹാസമതലത്തിലേക്ക് പ്രവേശിക്കുന്നു.
- ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, ബീഹാർ, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലൂടെ ഗംഗ ഒഴുകുന്നു.
- യമുന, രാംഗംഗ, ഗോമതി, ഗണ്ഡക്, മഹാനന്ദ, ദാമോദർ, രൂപ് നാരായണൻ തുടങ്ങിയവ ഗംഗയുടെ പ്രധാന പോഷക നദികളാണ്.
- ഗംഗയു കുറച്ചു ദൂരം ബംഗ്ലാദേശിലൂടെയും ഒഴുകുന്നു.
- ഇന്ത്യയും ബംഗ്ലാദേശുമായും 1996-ൽ ഗംഗാ സന്ധി കരാർ ഒപ്പുവച്ചു.
- ഗംഗയുടെ അഴിമുഖം സുന്ദരവനമെന്ന പേരിൽ പ്രസിദ്ധമായ കണ്ടൽ വനമാണ്.
- ദൽഹി, ബനാറസ്, അലഹബാദ് തുടങ്ങിയ കലാലയങ്ങളും ഇന്ദ്രപ്രസ്ഥം, ഫത്തേപ്പൂർ സിക്രി തുടങ്ങിയ നഗരങ്ങളും ഗംഗാ തടങ്ങളിലാണ്.
- ബംഗാൾ ഉൾക്കടലിലാണ് ഗംഗ പതിക്കുന്നത്.

### ത്രിവേണി സംഗമം

ഗംഗാ, യമുന, സരസ്വതി എന്നീ നദികൾ ഒരുമിക്കുന്ന സ്ഥലമാണ് ത്രിവേണി സംഗമം. ഇത് അലഹബാദിലാണ്. ഗംഗയും യമുനയും അവിടെ ഒഴുകിയെത്തുമ്പോൾ സരസ്വതി നദി ഭൂമിക്കടിയിലൂടെ പ്രവഹിച്ച് അതിൽ ചേരുന്നതായി സങ്കൽപ്പം. ഹിന്ദുക്കളുടെ ഏറ്റവും പ്രധാനമായ ഒരു പുണ്യസ്ഥലവുമാണത്. വേണി എന്നത് പ്രവാഹം എന്നാണ് അർത്ഥം.

## ചുവന്ന നദി എന്ന പേരിലും അറിയപ്പെടുന്ന നദി

- ബ്രഹ്മപുത്രയെ ചുവന്ന നദിയെന്ന പേരിലും പരാമർശമുണ്ട്.
- ലോഹിത്യ എന്ന പേരിൽ പുരാണങ്ങളിൽ സൂചനയുള്ള നദി ബ്രഹ്മപുത്രയാണ്. ലോഹിത്യ എന്ന വാക്കിന് ചെമന്ന നിറമുള്ളത് എന്നാണർഥം.
- ഏറ്റവും ജലസമൃദ്ധമായ നദിയാണ് ബ്രഹ്മപുത്ര.
- കൈലാസ പർവതനിരകളിൽ നിന്നാണ് ഉത്ഭവം.
- ബ്രഹ്മപുത്രയുടെ ആകെ നീളം 2990 കി.മീ. ആണ്.
- 916 കി.മീ മാത്രമേ ഇന്ത്യയിലൂടെ ഒഴുകുന്നുള്ളു.
- ബംഗ്ലാദേശിൽ 'ജമുനാ' എന്നാണ് അറിയപ്പെടുന്നത്.
- അരുണാചൽ പ്രദേശിൽ 'ദിഹാങ്' എന്ന് പേരു വിളിക്കുന്നു.
- 'സിയാങ്' എന്ന പേരിലും അറിയപ്പെടുന്നു.
- അസമിൽ പ്രവേശിച്ചതിന് ശേഷമാണ് 'ബ്രഹ്മപുത്ര' എന്ന് വിളിക്കുന്നത്.
- അരുണാചൽ പ്രദേശ്, അസം, സിക്കിം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ബ്രഹ്മപുത്രയുടെ സാന്നിധ്യമുണ്ട്.
- ഇന്ത്യയെ കൂടാതെ ചൈന, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലൂടെയും ബ്രഹ്മപുത്ര പ്രവഹിക്കുന്നു.
- ബംഗ്ലാദേശിൽ വച്ച് ഗംഗയുമായി ചേർന്ന് ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

### കാളിന്ദി എന്ന പേരുള്ള ഭാരതീയ നദി

- യമുനയുടെ പുരാണ പ്രസിദ്ധമായ മറ്റൊരു പേരാണ് കാളിന്ദി.
- ഉത്തർപ്രദേശിലെ നരേന്ദ്രനഗറിലെ യമുനേത്രി ഹിമാ നദിയിൽ നിന്നാണ് ഉത്ഭവിക്കുന്നത്.
- യമുനയുടെ ആകെ നീളം 1376 കി.മീ.
- യമുന ഭാരതത്തിലെ പുണ്യനദിയാണ്.
- യമുനയെ ശ്രീകൃഷ്ണന്റെ പത്നിയായി ഭാഗവതത്തിൽ സൂചന.
- ശ്രീകൃഷ്ണന്റെ ജന്മസ്ഥലമായ മഥുര, വൃന്ദാവനം എന്നിവ ഈ നദിയുടെ തീരത്താണ്.
- മുഗൾ സാമ്രാജ്യ കേന്ദ്രസ്ഥാനങ്ങളായ ആഗ്ര, താജ് മഹൽ, ആധുനിക നഗരങ്ങളായ ന്യൂദൽഹി എന്നിവയും യമുനയുടെ കരകളിലാണ്.

## ഉപദ്വീപിയ നദികൾ

ഉപദ്വീപിയ നദികൾ പശ്ചിമഘട്ടത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. അവയെ കിഴക്കോട്ടൊഴുകുന്നവ, പടിഞ്ഞാറോട്ടൊഴുകുന്നവ എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. നർമ്മദ, താപി, ഗോദാവരി, കൃഷ്ണ, കാവേരി, മഹാനദി എന്നിവയാണ് പ്രധാന ഉപദ്വീപിയ നദികൾ

## പടിഞ്ഞാറോട്ടൊഴുകുന്ന നദികളിൽ ഏറ്റവും വലുത്

- ഇന്ത്യ പടിഞ്ഞാറോട്ട് ഒഴുകുന്ന നദികളിൽ ഏറ്റവും വലുത് നർമ്മദയാണ്.
- മധ്യേന്ത്യയിലെ പ്രധാനപ്പെട്ട നദിയാണ്.
- ഛത്തീസ്ഗഢിലെ മേല പർവതത്തിലെ അമരഖണ്ഡത്തിൽ നിന്നാണ് ഉത്ഭവം.
- നർമ്മത്തെ (ആഹ്ലാദത്തെ) പ്രദാനം ചെയ്യുന്നവൾ എന്നാണ് വാക്കിന് അർത്ഥം.
- നർമ്മദയുടെ ആകെ നീളം 1300 കി.മീറ്ററാണ്.
- ഉപദ്വീപിയ നദികളിൽപ്പെട്ടതാണ് നർമ്മദയും.
- തെക്കേ ഇന്ത്യയേയും വടക്കേ ഇന്ത്യയേയും വേർതിരിക്കുന്ന നദിയും നർമ്മദയാണ്.
- പുണ്യനദികളിൽ നർമ്മദയും ഉൾപ്പെടുന്നു.
- സപ്തനദികളിൽ ഒന്ന് നർമ്മദയാണ്.
- രേവ, സമോദ് ഭയ, മേകല, സുരു എന്നീ പേരുകളിലും നർമ്മദ അറിയപ്പെടുന്നു.
- മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലൂടെ ഒഴുകുന്നു.
- ഏറെ വിവാദങ്ങൾക്കിടം നൽകിയ അന്തർ സംസ്ഥാന വിവിധോദ്ദേശ്യ പദ്ധതിയായ സർദാർ സരോവർ പ്രോജക്ട് നർമ്മദയിലാണ്.
- നർമ്മദയുടെ തീരപ്രദേശങ്ങളിൽ ദിനോസർ ഫോസിലുകൾ കണ്ടെത്തിയിട്ടുണ്ട്.
- ഉത്ഭവസ്ഥാനത്തിന് അടുത്തുള്ള ഓംകാരേശ്വർ പ്രസിദ്ധ തീർത്ഥാടനകേന്ദ്രമാണ്.
- ഗുജറാത്തിലെ ബ്രോച്ചിന് സമീപം അറബിക്കടലിൽ പതിക്കുന്നു.
- ഒറിസൺ പോഷക നദി.

### നർമ്മദാ ബച്ചാവോ ആന്ദോളൻ




നർമ്മദയിൽ പണിയുന്ന സർദാർ സരോവർ പദ്ധ തിക്കെതിരെ പ്രകൃതി സ്നേഹികളും പരിസ്ഥിതി പ്രവർത്തകരും ചേർന്ന് രൂപീകരിച്ച പ്രസ്ഥാനമാണിത്. ഇതിന്റെ പ്രമുഖ നേതാവ് മേധാ പട്കർ ആണ്. ഈ പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി ലക്ഷ ക്കണക്കിന് ആളുകളെ കുടിഒഴിപ്പിക്കേണ്ടി വന്നു. ശക്തമായ പ്രക്ഷോഭം തുടർന്നപ്പോൾ ധനസഹായം നൽകി വന്ന ലോകബാങ്ക് അതിൽനിന്നും പിന്മാറി. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നു.

നർമ്മദ നദിക്കും അതിന്റെ പോഷക നദികൾക്കും കുറുകെ പല സ്ഥലങ്ങളിലായാണ് സരോവർ പദ്ധ തിയുടെ കീഴിൽ അണക്കെട്ടുകൾ പണിയുന്നത്. പദ്ധ തിപ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാ രത്തുകയും അവരുടെ പുനരധിവാസവും വളരെയേറെ തർക്കങ്ങൾക്കിടയായിട്ടുണ്ട്. 2006 മാർച്ചിൽ അണക്കെട്ടുകളുടെ ഉയരം വർധിപ്പിക്കുന്നതിനെതിരെ മേധാ പട്കറുടെ നേതൃത്വത്തിൽ നിരാഹാര സമരം നടന്നിരുന്നു. എന്നാൽ സുപ്രീം കോടതി അപ്പീൽ സ്വീകരിക്കാതിരുന്നതിനാൽ നിരാഹാര സമരം അവസാനിപ്പിക്കുകയായിരുന്നു.

## തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയെ നെല്ലറയാക്കുന്ന നദി

- തഞ്ചാവൂർ ജില്ലയെ തമിഴ്നാടിന്റെ നെല്ലറയാക്കുന്ന നദിയാണ് കാവേരി.
- കർണാടകയിലെ കൊഡഗു (കൂർഗ്) ജില്ലയിൽ തലക്കാവേരിയിൽ ഉത്ഭവം.
- കാവേരിയുടെ ആകെ നീളം 765 കി.മീ.
- കർണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലൂടെ ഒഴുകുന്നു
- ദക്ഷിണേന്ത്യയിൽ ആരാധിക്കപ്പെടുന്ന നദിയായതുകൊണ്ട് അർധഗംഗ, ദക്ഷിണഗംഗ എന്നീ സ്ഥാനങ്ങളുമുണ്ട്.
- ശ്രീരംഗപട്ടണം, ശിവസമുദ്രം എന്നീ പട്ടണങ്ങൾ കാവേരി തീരത്താണ്.
- 'ട്രിച്ചി'യും കാവേരി തീരത്താണ്.
- കാവേരി ജലത്തെ സംബന്ധിച്ച് ദീർഘനാളത്തെ തർക്കം ഉണ്ടായിരുന്നു. 2007 ഫെബ്രുവരി അഞ്ചിനുള്ള അന്തിമവിധി അനുസരിച്ച് 419 ടിഎംസി ജലം തമിഴ്നാടിനും 270 ടിഎംസി കർണാടകയ്ക്കും 50 ടിഎംസി കേരളത്തിനും 7 ടിഎംസി പോണ്ടിച്ചേരിക്കുമാണ്.
- ഹാരംഗി, ലക്ഷ്മണതീർഥം, ഭവാനി, അമരാവതി എന്നിവ പോഷക നദികളാണ്.
- തമിഴ്നാട്ടിലെ കാവേരിപൂംപട്ടണത്തിൽ വച്ച് ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

## പാതാളഗംഗ എന്ന പേരിൽ അറിയപ്പെടുന്ന നദി

- ഉപദ്വീപിയ നദിയായ കൃഷ്ണാനദിയെ പാതാളഗംഗ എന്നും വിളിക്കുന്നു.
- കൃഷ്ണാ നദിയുടെ ആകെ നീളം 1400 കി.മീ. ആണ്.
- മഹാരാഷ്ട്രയിലെ മഹാബലീശ്വരിന് വടക്ക് ഭാഗത്തുനിന്നും ഉത്ഭവം.
- വലിയ വെള്ളപ്പൊക്കത്തിന് പേരുകേട്ട നദിയാണ് കൃഷ്ണാ നദി.
- പ്രസിദ്ധമായ മല്ലികാർജുന ക്ഷേത്രം കൃഷ്ണാനദിയുടെ തീരത്താണ്.
- കൊയ്ന, പർണ, പഞ്ചഗംഗ, തുംഗഭദ്ര എന്നിവ പോഷക നദികളാണ്.
- വിജയവാഡ നഗരം കൃഷ്ണാ നദിക്കരയിലാണ്.
- ഗോദാവരി നദിയെ ജലസേചന കനാൽ വഴി ബന്ധിപ്പിച്ചിട്ടുണ്ട്.
- നാഗാർജ്ജുന സാഗർ പദ്ധതി കാവേരി നദിയിലാണ്.
- ഗോദാവരി നദിയെ ജലസേചന കനാൽ വഴി ബന്ധിപ്പിച്ചിട്ടുണ്ട്.
- കൃഷ്ണാ നദിയിലെ വെള്ളം ഉപയോഗിക്കാൻ വേണ്ടി വിജയവാഡയിൽ നിർമ്മിച്ചിരിക്കുന്ന പദ്ധതിയാണ് പ്രകാശം ബാരേജ്.
- മഹാരാഷ്ട്ര, ആന്ധ്ര, കർണാടക എന്നീ സംസ്ഥാനങ്ങളിലൂടെ ഒഴുകുന്നു.
- മസൂലി പട്ടണത്തിൽ വച്ച് ഗംഗാ നദി ബംഗാൾ ഉൾക്കടലിൽ ചേരുന്നു.

## ശൃംഗേരി മഠം സ്ഥിതി ചെയ്യുന്ന നദീതീരം

- ശ്രീശങ്കരാചാര്യർ സ്ഥാപിച്ച ശൃംഗേരി മഠം തുംഗഭദ്രയുടെ തീരത്താണ്.
- കൃഷ്ണാനദിയുടെ പോഷകനദിയാണ് തുംഗഭദ്ര.
- കർണാടകത്തിലും ആന്ധ്രാപ്രദേശിലുമായി ഒഴുകുന്നു.
- തുംഗഭദ്രയുടെ ആകെ നീളം 644 കി.മീ. ആണ്.
- കർണാടകത്തിലെ ചിക്മംഗ്ലൂരിൽ ഗംഗാ മലയിൽ നിന്നും ഒഴുകി എത്തുന്ന തുംഗയും പശ്ചിമഘട്ടത്തിൽ നിന്നും വരുന്ന ഭദ്രയും ഷിമോഗയിൽ വച്ച് ഒന്നിച്ചാണ് തുംഗഭദ്രയായി തീരുന്നത്.
- ആന്ധ്രയിലെ കർണൂർ പട്ടണത്തിൽ സമീപം തുംഗഭദ്ര കൃഷ്ണയിൽ ലയിക്കുന്നു.
- ലോക പൈതൃകപ്പട്ടികയിൽപ്പെട്ട വിജയനഗര സാമ്രാജ്യ തലസ്ഥാനം ഹംപിയും പ്രസിദ്ധമായ വിരൂപാക്ഷ ക്ഷേത്രവും ഈ നദിയുടെ കരയിലാണ്.

## ഹിരാക്കുഡ് അണക്കെട്ട് സ്ഥിതി ചെയ്യുന്ന നദി

- ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ഹിരാക്കുഡ് അണക്കെട്ട് മഹാനദിയിലാണ്.
- ഒറീസയിലെ പ്രധാന നദിയാണിത്.
- ഛത്തീസ്ഗഢിലെ റായ്പൂർ ജില്ലയിൽ ഉത്ഭവിക്കുന്നു.
- മഹാനദിയുടെ ആകെ നീളം 860 കി.മീ.
- ഛത്തീസ്ഗഢ്, ഒറീസ എന്നീ സംസ്ഥാനങ്ങളിലൂടെ ഒഴുകുന്നു.
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ എക്കൽ നിക്ഷേപിക്കുന്ന നദികളിലൊന്ന്.
- ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

## ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നദി

- ഗോദാവരിയാണ് വലിപ്പത്തിലും നീളത്തിലും ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നദി.
- ഗോദാവരിയുടെ നീളം 1450 കി.മീ.
- മഹാരാഷ്ട്ര, കർണാടകം, ആന്ധ്ര, മധ്യപ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങളിലൂടെ ഒഴുകുന്നു.
- ദിവ്യത്വത്തിലും ഉപയോഗത്തിലും രമണീയതയിലും ഗോദാവരി മുൻപന്തിയിലാണ്.
- മഹാരാഷ്ട്രയിലെ നാസിക് ജില്ലയിൽ ബ്രഹ്മഗിരിയിൽ നിന്ന് ഉത്ഭവിക്കുന്നു.
- പുരാണങ്ങളിലും മറ്റും ഗോദാവരിയെക്കുറിച്ച് പരാമർശമുണ്ട്.
- വനവാസക്കാലത്ത് രാമലക്ഷ്മണൻമാർ സീതയും ഒന്നിച്ച് താമസിച്ചിരുന്ന പഞ്ചവടി ഗോദാവരി തീരത്താണ്.
- ശ്രീരാമൻ രാമലക്ഷ്മണൻമാരെ വധിക്കുമെന്ന് പ്രതിജ്ഞ ചെയ്തത് ഈ നദീതീരത്താണ്.
- പൂർണ, പ്രാൺഗീത, ഇന്ദ്രാവതി, മാഞ്ജിറ, മാനർ എന്നിവ പ്രധാന പോഷകനദികളാണ്.
- മഹാരാഷ്ട്രയിൽ നാസിക്കിൽ കുംഭമേള നടത്തുന്നത് ഈ നദീതീരത്താണ്.
- ഗംഗയുടെ ഉത്ഭവസ്ഥാനത്തു നിന്ന് ഭൂമിക്കടിയിലൂടെ ഒഴുകിവരുന്നു എന്നൊരു ഐതിഹ്യവും ഉണ്ട്.
- പുണ്യനദികളെ വാഴ്ത്തിക്കൊണ്ടുള്ള പന്ത്രണ്ട് വർഷത്തിലൊരിക്കൽ നടത്തുന്ന 'പുഷ്കരം' എന്ന ഉത്സവം ഗോദാവരി തീരത്തുള്ള 'രാജമുദ്രി'യിൽ നടക്കുന്നു.

## അന്തർവാഹിനിയായ നദി

സരസ്വതി നദിക്കാണ് ഈ സ്ഥാനം ലഭിച്ചത്. ആര്യന്മാരുടെ കാലത്തിൽ ശതദ്രു (സത്‌ലജ്), യമുന എന്നീ നദികൾക്കിടയായി ഒഴുകിയിരുന്ന ബൃഹത്തായ നദിയാണ് സരസ്വതി.

ഋഗ്വേദത്തിൽ ഈ നദിയെക്കുറിച്ച് പരാമർശമുണ്ട്. വേദകാലത്ത് സരസ്വതി നദി സമുദ്രത്തിൽ പതിച്ചിരുന്നതായി പറയുന്നു. പിന്നീട് പ്രകൃതിക്ഷോഭത്തിന്റെയോ മറ്റോ ഫലമായി ഈ നദി കുറെ ദൂരം ചെന്നപ്പോൾ അപ്രത്യക്ഷമായി. അതിനെക്കുറിച്ച് പുരാണത്തിൽ പല കഥകൾ പറയുന്നുണ്ട്.

ഹിമാചൽ പ്രദേശിൽ നിന്ന് ഉത്ഭവിച്ച് തെക്കോട്ട് ഒഴുകി ഹരിയാനയിൽ പ്രവേശിച്ച ശേഷം ഘഗ്ഗർ നദിയുമായി സന്ധിച്ച് രാജസ്ഥാൻ മരുഭൂമിയിൽ അപ്രത്യക്ഷമാവുന്നു. പിന്നീട് ഭൂമിക്കടിയിലൂടെ സഞ്ചരിക്കുന്നുവെന്നാണ് സങ്കൽപ്പം. ഗംഗയും യമുനയും അലഹബാദിൽ വച്ച് സംഗമിക്കുമ്പോൾ സരസ്വതി നദി ഭൂമിക്കടിയിലൂടെ ഒഴുകി എത്തുന്നുവെന്നും പറയുന്നു. അങ്ങനെയാണ് ത്രിവേണി സംഗമം എന്നറിയപ്പെടുന്നത്.

## മരുഭൂമികളിലൂടെ ഒഴുകുന്ന നദികൾ

**ഘഗ്ഗാർ:** ഉത്ഭവം ഹിമാലയം. (രാജസ്ഥാൻ മരുഭൂമിയിൽ)
**സരസ്വതി:** ഉത്ഭവം ഹിമാചൽ പ്രദേശം (രാജസ്ഥാൻ മരുഭൂമി)
**ലൂനി:** ഉത്ഭവം: രാജസ്ഥാനിലെ ആരവല്ലി (ജോധ്പൂർ/ബാഡ് മേർ മരുഭൂമി)

## മറ്റു രാജ്യങ്ങളിലേക്ക് ഒഴുകുന്ന ചില നദികൾ

**കർനഫുലി:** മിസോറാമിൽ ഉത്ഭവിച്ച് ബംഗ്ലാദേശിലേക്ക് ഒഴുകുന്നു.
**കലദൻ:** മിസോറാമിൽ ഉത്ഭവം. മ്യാൻമറിലേക്ക് ഒഴുകുന്നു.
**ഇംഫാൽ:** മണിപ്പൂരിൽ ഉത്ഭവം. മ്യാൻമറിലേക്ക് ഒഴുകുന്നു.
**സിന്ധു:** ഹിമാലയത്തിൽ ഉത്ഭവം. പാകിസ്ഥാനിലേക്ക് ഒഴുകുന്നു.

## വേദപുരാണങ്ങളിലെ നദികളും അവയുടെ ഇപ്പോഴത്തെ പേരുകളും

| പുരാണനദികൾ | ഇപ്പോഴത്തെ പേര് |
|---|---|
| തമസാ | ടോൺസ് |
| സരയു | ഘാഘ്ര |
| കാളിന്ദി | യമുന |
| കൃതമാല | വൈഗ |
| കുംഭ | കാബൂൾ |
| സുവാസ്തു | സ്വാത് |
| ചന്ദ്രഭാഗ | ചിനാബ് |
| വിപാശ | ബിയാസ് |
| ശതദ്രു | സത്‌ലജ് |
| ഇരാവതി | രാവി |
| ചർമണ്വതി | ചംബൽ |
| ശിപ്ര | അവന്തി |
| വേത്രവതി | ബെത്വ |
| വിതസ്ത | ഝലം |
| സ്യന്ദിക | സായ് |
| വിതസ് | ജേഹ്‌ലം |
| സുസോമ | സോഹാൻ |

### മറ്റ് പ്രധാന നദികൾ

സുവർണരേഖ, നാഗവതി, പാലാർ, പൊന്നൈയാർ, സബർമതി, മാഹി, താപി, പൂർണ, മഞ്ചേശ്വരം പുഴ, മൊഗ്രാൽ, ചിറ്റാരി, കവ്വായിപ്പുഴ, മാഹി നദി, കോരപ്പുഴ, മാണ്ഡവി, ഉപ്പള, ചന്ദ്രഗിരി, ഭാരതപ്പുഴ, ഘർഗർ, പെരിയാർ, പമ്പ, വംശധാര, ബൈതരണി, പലേരു, സ്വർണമുഖി, വെള്ളാർ, വൈഗ, താമ്രപർണി, വൈപ്പാർ, ധാധർ, അംബിക, സാവിത്രി, നേത്രാവതി, ഇംഫാസ, ടിക്സു.

### ജലാശയങ്ങൾ

തടാകങ്ങൾ ഇന്ത്യയിൽ പൊതുവെ കുറവാണ്. കേരളം കഴിഞ്ഞാൽ ഹിമാലയ താഴ്‌വരകളിലാണ് പിന്നീട് അധികം ജലാശയങ്ങൾ കാണുന്നത്. കാശ്മീർ പ്രദേശങ്ങൾ തടാകങ്ങളുടെ നാടാണ്. വൂളർ എന്നതാണ് കാശ്മീരിലെ ഏറ്റവും വലിയ തടാകം. നൈനിറ്റാളിന് ചുറ്റുമുള്ള തടാകങ്ങളും ഏറെ ആകർഷണീയമാണ്. രാജസ്ഥാനിലെ സാംഭർ തടാകം ഡക്കാണിലെ ലോനാർ തടാകം ഇവയൊക്കെ ഭാരതത്തിലെ പ്രസിദ്ധ ജലാശയങ്ങളാണ്.

## ചില ഇന്ത്യൻ നദീതീര പട്ടണങ്ങൾ

| | |
|---|---|
| അലഹബാദ് | ഗംഗയുടെയും യമുനയുടെയും സംഗമസ്ഥാനം |
| ആഗ്ര, ഡൽഹി, മഥുര | യമുന |
| അഹമ്മദാബാദ് | സബർമതി |
| അയോധ്യ | സരയൂ |
| കാൺപൂർ, പാറ്റ്ന, വാരണാസി, ഹരിദ്വാർ | ഗംഗ |
| ബദരീനാഥ് | അളകനന്ദ |
| ആലുവ | പെരിയാർ |
| ലക്നൗ | ഗോമതി |
| കൊൽക്കത്ത | ഹൂഗ്ലി |
| നാസിക് | ഗോദാവരി |
| തിരുച്ചിറപ്പള്ളി | കാവേരി |
| വിജയവാഡ | കൃഷ്ണ |
| ഹൈദരാബാദ് | മൂസി |
| ശ്രീനഗർ | ഝലം |
| ഉജ്ജയിനി | ക്ഷിപ്ര |
| ലുധിയാന | സത്‌ലജ് |
| സൂറത്ത് | താപ്തി |
| ജംഷഡ്പൂർ | സുവർണരേഖ |
| കോട്ട | ചമ്പൽ |
| ജബൽപൂർ | നർമ്മദ |
| സൂററ്റ് | താപ്തി |
| ഗുവാഹത്തി | ബ്രഹ്മപുത്ര |
| കട്ടക്ക് | മഹാനദി |
| ശ്രീരംഗപട്ടണം | കാവേരി |
| കർണൂൽ | തുംഗഭദ്ര |

## ഇന്ത്യയിലെ വെള്ളച്ചാട്ടങ്ങൾ

| **വെള്ളച്ചാട്ടം** | **നദി** |
|---|---|
| ജോഗ്/ജെർസോപ്പ | ശരാവതി |
| ശിവസമുദ്രം | കാവേരി |
| ഗോകക് (Gokak) | ഗോകക് (കൃഷ്ണ) |
| യേന | യേന |
| പൈക്കര | പൈക്കര |
| ദുവന്താർ (Dhuandhar) | നർമ്മദ |
| വിഹാർ | തോൺസ് (Tons) |
| ചുലിയ | ചംബൽ |
| മന്ദാർ | ചംബൽ |
| പുനാസ | ചംബൽ |
| ഹന്ദ്രു (Hundru) | സുവർണ്ണരേഖ |
| ദസാം (Dasam) | കാഞ്ചി |
| സദ്നി | ശംഖ് |
| ഗൗതംധാര/ജോൻഹ | രാരു |
| ഘാഗ്രി | ഘാഗ്രി |
| കക്കലോട്ട് | കക്കലോട്ട് |
| മോത്തിഹാര | ഗംഗ |